# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കോളേജ്, പടന്നക്കാട്

പടന്നക്കാട് (പി.ഒ), കാസറഗോഡ് ജില്ല, പിൻ-671314, കേരളം

ഫോൺ: 91 467 2282699, 91 467 2280616, E-mail: coapad@kau.in

---

**നമ്പർ:ഇ2-5577/2019** **തീയ്യതി: 29-04-2025**

<u>ദർഘാസ് പരസ്യം</u>

പടന്നക്കാട് കാർഷിക കോളേജിലേക്ക് മൂത്ത് പഴുത്ത മാങ്ങകളിൽ നിന്ന് ശേഖരിച്ച മുളപ്പിക്കാൻ അനുയോജ്യമായ ഗുണമേന്മയുള്ള മാങ്ങയണ്ടികൾ 85,000 **(എൺപത്തി അയ്യായിരം എണ്ണം)** കരാർ പ്രകാരം എത്തിച്ചുതരുവാൻ മത്സരാടിസ്ഥാനത്തിലുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. പാകമാകാത്ത മാങ്ങകളിൽ നിന്നുള്ള മാങ്ങയണ്ടികൾ നിരസിക്കപ്പെടുന്നതാണ്.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | പാകമായ മാങ്ങയണ്ടികൾ | 85,000 (എൺപത്തി അയ്യായിരം) |

താത്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ മാങ്ങയണ്ടികൾ സപ്ലൈ ചെയ്യുന്നതിനുള്ള നിരക്ക് ഒരു എണ്ണത്തിന് എത്ര രൂപ എന്ന് കൃത്യമായി രേഖപ്പെടുത്തിയ ദർഘാസുകൾ ടെൻഡർ ഫീസ്, നിരതദ്രവ്യം എന്നിവയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ രശീത്, സമ്മതപത്രം എന്നിവ സഹിതം കവറിൽ അടക്കം ചെയ്ത് ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് പി.ഒ., കാസറഗോഡ് പിൻ - 671314 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്. നികുതിയും മറ്റ് ചാർജുകളും ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്. ചരക്കുകൂലിയും കടത്തുകൂലിയും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

ദർഘാസുകൾ സ്വീകരിക്കുന്ന **അവസാന തീയ്യതി 16.5.2025** ഉച്ചയ്ക്ക് ശേഷം **2:00 മണി** വരെയാണ്. അന്നു തന്നെ 2:30 മണിക്ക് ഹാജരുള്ള ദർഘാസുകാരുടെ സാന്നിധ്യത്തിൽ അവ തുറക്കുന്നതായിരിക്കും. ഏറ്റവും കുറഞ്ഞ നിരക്ക് എഴുതിയത് തൃപ്തികരമെന്ന് കണ്ടാൽ സ്വീകരിക്കുന്നതുമായിരിക്കും. വൈകി കിട്ടുന്നതും പൂർണ്ണമല്ലാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല. വിജയിയായ കരാറുകാരൻ അറിയിപ്പ് കിട്ടി 7 ദിവസത്തിനകം മാങ്ങയണ്ടികൾ കോളേജിൽ എത്തിക്കേണ്ടതാണ്.

ടെൻഡർ സ്വീകരിക്കുന്ന മുറയ്ക്ക് സപ്ലൈ ഓർഡർ നൽകും. കരാർ നൽകുന്നതു മുതൽ ഒരു വർഷത്തേക്ക് കരാറിന് പ്രാബല്യമുണ്ടാകുന്നതായിരിക്കും. ഇൻവോയ്സ് ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് എന്ന വിലാസത്തിൽ അയക്കണം. **തൃപ്തികരമായ സപ്ലൈക്കുശേഷം സമർപ്പിക്കുന്ന ഇൻവോയ്സിന്റെ തുക മാങ്ങയണ്ടിയുടെ ജെർമിനേഷൻ ടെസ്റ്റ് തുടങ്ങിയ നടപടികൾ പൂർത്തിയാക്കിയശേഷം ബാങ്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖാന്തിരം അനുവദിക്കുന്നതായിരിക്കും**

വിശദവിവരങ്ങൾക്ക് ഓഫീസ് സമയത്ത് (ഫോൺ നമ്പർ: 0467 2280616 എന്ന നമ്പറിൽ) അന്വേഷിക്കാവുന്നതാണ്. വിശദാംശങ്ങൾ, ടെൻഡർ ഫോം, കരാറുകളുടെ മാതൃക തുടങ്ങിയവ KAU വെബ്സൈറ്റായ www.kau.edu/tenders -ൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.

<u>ടെൻഡർ ഫീസ്</u>: രേഖപ്പെടുത്തിയ മൊത്തം തുകയുടെ 0.2% 100-ന്റെ അടുത്ത ഗുണിതത്തിലേക്ക് റൗണ്ട് ചെയ്തത് (കുറഞ്ഞത് : 400/- രൂപ, കൂടിയത്: 1,500/- രൂപ )+ ജി.എസ്.ടി 18 %

<u>നിരതദ്രവ്യം</u>: 1,500/- രൂപ

**ടെൻഡർ നൽകേണ്ട അവസാന തീയതിയും സമയവും : 16.05.2025 2 pm**

**ടെൻഡർ തുറക്കുന്ന തീയതിയും സമയവും : 16.05.2025 2:30 pm**

**ഉപാധികളും നിബന്ധനകളും**

1. **www.kau.edu/tenders** എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്ന നിശ്ചിത ഫോമുകളിൽ ടെൻഡർ സമർപ്പിക്കണം. ആയതിനുള്ള ടെൻഡർ ഫീസ് ഒരു കാരണവശാലും തിരികെ നൽകില്ല.
2. ടെൻഡർ അടങ്ങുന്ന സീൽ ചെയ്ത കവറിനു മുകളിൽ **"മാങ്ങയണ്ടികൾ സപ്ലൈ ചെയ്യുന്നതിനുള്ള ടെൻഡർ"** (അറിയിപ്പ് നമ്പർ സഹിതം) എന്ന് എഴുതി ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് എന്ന വിലാസത്തിൽ അയക്കണം.
3. ടെൻഡറിനൊപ്പം ടെൻഡർ ഫീസ്, ജി.എസ്.ടി, നിരതദ്രവ്യം എന്നിവയ്ക്കുള്ള ഡീൻ, കാർഷിക കോളേജ്, പടന്നക്കാട് എന്ന പേരിൽ നീലേശ്വരം ശാഖയിൽ മാറാവുന്ന 3 വ്യത്യസ്ത ഡിമാന്റ് ഡ്രാഫ്റ്റുകൾ കവറിൽ അടക്കം ചെയ്യേണ്ടതാണ്. വൈകിയതും അപൂർണ്ണവുമായ ടെൻഡറുകളും, ഇഎംഡിയും ടെൻഡർ ഫീസും സമ്മതപത്രവും ഇല്ലാത്ത ടെൻഡറുകളും സ്വീകരിക്കുന്നതല്ല.
4. ഇഎംഡി അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കപ്പെട്ട സ്ഥാപനങ്ങൾ കേരള സർക്കാരിന്റെ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള നിലവിലെ സാധുതയുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പ് അല്ലെങ്കിൽ കേന്ദ്ര സർക്കാർ എം.എസ്.എം.ഇ രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾക്ക് നൽകുന്ന ഉദ്യം (UDYAM) സർട്ടിഫിക്കറ്റിന്റെ പകർപ്പ് ടെൻഡറിനൊപ്പം ഹാജരാക്കേണ്ടതാണ്.
5. ടെൻഡറിനൊപ്പം 200 രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയ സമ്മതപത്രം ഉണ്ടായിരിക്കണം. ഇതിന്റെ മാതൃകയും മുകളിലെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.
6. ടെൻഡറിൽ വിജയിക്കുന്ന കരാറുകാരൻ 200/- രൂപ (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ സമ്മതപത്രം തയ്യാറാക്കി നൽകേണ്ടതാണ്. കൂടാതെ രേഖപ്പെടുത്തിയ മൊത്തം തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി (ടേം ഡെപ്പോസിറ്റ്/ ബാങ്ക് ഗ്യാരണ്ടി/ ഡിമാൻഡ് ഡ്രാഫ്റ്റ്) അടക്കേണ്ടതാണ്. കരാറിന്റെ മാതൃക മുകളിലെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം.
7. ടെൻഡർ തുറക്കുന്ന തീയതിയിൽ എന്തെങ്കിലും ബന്ദ്/ പണിമുടക്ക്/ അപ്രതീക്ഷിത അവധി ദിവസങ്ങൾ ഉണ്ടായാൽ, അടുത്ത പ്രവൃത്തി ദിവസം അതേ സമയം ടെൻഡർ തുറക്കും. ടെൻഡറുകൾ സ്വീകരിക്കുന്നതിൽ ഡീനിന്റെ തീരുമാനം അന്തിമമായിരിക്കും.
8. സപ്ലൈയിൽ വീഴ്ച വരുത്തിയ വിതരണക്കാരുടെ പേര് വിതരണക്കാരുടെ പട്ടികയിൽ നിന്ന് സ്ഥിരമായോ ഒരു നിശ്ചിത കാലയളവിലേക്കോ നീക്കം ചെയ്യാനുള്ള അവകാശം ഡീനിൽ നിക്ഷിപ്തമാണ്.
9. ടെൻഡർ സ്വീകരിക്കുന്നതിനും, മാറ്റിവെക്കുന്നതിനും, കാരണം കാണിക്കാതെ നിരസിക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഡീനിനായിരിക്കും.
10. സർക്കാർ ടെൻഡറുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

DEAN

Signed by
T Sajitha Rani
Date: 29-04-2025 22:56:57

സ്വീകർത്താവ് :-

1. നോട്ടീസ് ബോർഡ് (കോളേജ്/ഇൻസ്ട്രക്ഷണൽ ഫാം യൂണിറ്റ്-I & II)
2. കോളേജ് വെബ്സൈറ്റ്
3. വില്ലേജ് ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട് സൗത്ത്)

4. മുനിസിപ്പൽ ഓഫീസ് (നീലേശ്വരം/കാഞ്ഞങ്ങാട്)
5. പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പിലിക്കോട്

പകർപ്പ്:-
1. ശ്രീമതി. മീര മോഹൻ.എൻ, അസിസ്റ്റന്റ് പ്രൊഫസർ (ഹോർട്ടിക്കൾച്ചർ)
2. ശ്രീമതി രേഖ എം , ഫാം മാനേജർ ഗ്രേഡ്- 1 ഇൻചാർജ് IF II
3. ഡോ. മണികണ്ഠൻ എൻ , അസിസ്റ്റന്റ് പ്രൊഫൈസർ ഇൻചാർജ് IF II